## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2496

17/8/2017-ലെ മറുപടിയ്ക്ക്

### ശരണ്യ സ്വയംതൊഴിൽ പദ്ധതി

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീമതി.യു. പ്രതിഭ ഹരി<br>ശ്രീ.വി.അബ്ദുറഹിമാൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.എൻ.വിജയൻ പിള്ള | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വനിതകൾക്കായി ശരണ്യ സ്വയംതൊഴിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; | എ) | കേരളത്തിലെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അശരണരായ വനിതകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്നതിന് 2010-11 സാമ്പത്തിക വർഷം "ശരണ്യ" എന്ന പേരിൽ ഒരു സ്വയംതൊഴിൽ പദ്ധതി 24/7/2010 തീയതിയിലെ ജി.ഒ.(പി) നമ്പർ 81/2010/തൊഴിൽ ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വനിതകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, എന്നീ വിഭാഗത്തിലുള്ള വനിതകളെയാണ് ഈ പദ്ധതി ആരംഭിച്ച സമയത്ത് ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. 28/1/2016 തീയതിയിലെ സ.ഉ.(പി) നമ്പർ 18/2016/തൊഴിൽ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരായ വനിതകളെയും ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കന്മാരുള്ള വനിതകളെയും ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ എത്ര രൂപയാണ് വായ്പയായി അനുവദിക്കുന്നത്; വായ്പാ തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | സി) | ശരണ്യ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് പരമാവധി 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) വരെയാണ് സാധാരണഗതിയിൽ പലിശരഹിത വായ്പ അനുവദിക്കുന്നത്. എന്നാൽ പ്രോജക്ട് പരിശോധിച്ച ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. 50,000/-രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് നിരക്കിൽ പലിശ ഈടാക്കുന്നതാണ്.വായ്പ തുകയുടെ 50% പരമാവധി 25,000/-രൂപ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകുകയും ആദ്യ വായ്പയുടെ 50%-മെങ്കിലും തിരിച്ചടച്ചവർക്ക്, സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പ തുകയുടെ 80% കവിയാത്ത തുക തുടർവായ്പയായി (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്.<br><br>വായ്പാ തുക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ